**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1790** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഗ്രാമവണ്ടി പദ്ധതിയുടെ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമവണ്ടി പദ്ധതി പ്രകാരം കെ.എസ്.ആർ.ടി.സി. ബസ് സർവീസ് സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്പോൺസർ ചെയ്യാനുള്ള നടപടി ക്രമം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | **സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ഗ്രാമവണ്ടി സർവ്വീസിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസ്സുകൾക്ക് തനത് ഫണ്ട് / സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സ.ഉ. (സാധാ) 704/2022/LSGD, തീയതി 22.3.2022 പ്രകാരം യഥേഷ്ടാനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്.**<br><br>**പദ്ധതിയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് കോർഡിനേഷൻ കമ്മിറ്റിയും അനുമതി നൽകിയിട്ടുണ്ട്. മേൽ സർക്കാർ അനുമതിയിൽ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങളിൽ നിന്നും അടക്കം അതാത് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്പോൺസർഷിപ്പ് സ്വീകരിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.**<br><br>**ഇപ്രകാരം പഞ്ചായത്തുകൾ സ്പോൺസർ ഷിപ്പ് സ്വീകരിച്ച് പദ്ധതി നടപ്പിലാക്കി വരികയാണ്. ഇത്തരത്തിൽ തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്തും, തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്തും ഗ്രാമവണ്ടി പദ്ധതി ആരംഭിച്ചുകഴിഞ്ഞു. സ്പോൺസർഷിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തുകളിൽ ലഭ്യമാണ്.** |
| (ബി) | ഇതിൻ പ്രകാരം നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 5 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്ത്, മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്ത്, കായംകുളം പത്തിയൂർ പഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൂർ പണം (advance) അടച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ തൃശ്ശൂർ ജില്ലയിലെ എളവള്ളി എന്നീ പഞ്ചായത്തുകളിൽ ടി പദ്ധതികൾ ആരംഭിച്ചു കഴിഞ്ഞു. |
| (സി) | പ്രസ്തുത പദ്ധതി എന്ന് മുതലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഗ്രാമവണ്ടി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്തിൽ 29.7.2022-ലും തൃശ്ശൂർ ജില്ലാതല ഉദ്ഘാടനം എളവള്ളി പഞ്ചായത്തിൽ 19.8.2022-ലും നടക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ